# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 4854** **27/10/2016 ൽ മറുപടി**

### പാഠപുസ്തകങ്ങൾ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. ആർ. രാമചന്ദ്രൻ | | പ്രൊഫ. സി. രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) | ഒന്നു മുതൽ പത്തുവരെ ക്ലാസുകളിലെ വിദ്യാർത്ഥികളുടെ പാഠപുസ്തകങ്ങളുടെ അച്ചടിയും വിതരണവും പൂർത്തിയായിട്ടുണ്ടോ; | (എ) | 2016-17 -ലെ ഒന്നാം വാല്യം പാഠപുസ്തകങ്ങളുടെ അച്ചടിയും വിതരണവും പൂർത്തീകരിച്ചിട്ടുണ്ട്. രണ്ടാം വാല്യം പാഠപുസ്തകങ്ങളുടെ അച്ചടിയും വിതരണവും പൂർത്തീകരിച്ചുവരുന്നു. |
| (ബി) | 2017-18 അദ്ധ്യയന വർഷത്തിൽ ഏതെങ്കിലും ക്ലാസിലെ പാഠപുസ്തകങ്ങൾ പരിഷ്കരിക്കുന്നതിന് പദ്ധതിയുണ്ടോ; വിശദീകരിക്കുമോ; | (ബി) | 2017-18 അദ്ധ്യയന വർഷത്തിൽ പാഠപുസ്തകങ്ങൾ പരിഷ്കരിക്കുന്നതിന് തീരുമാനിച്ചിട്ടില്ല. എന്നാൽ നിലവിലുള്ള പാഠപുസ്തകങ്ങൾ ശാസ്ത്രീയമായ പഠനത്തിന് വിധേയമാക്കി ന്യൂനതകൾ ഉണ്ടെങ്കിൽ പരിഷ്കരിച്ച് കുറ്റമറ്റതാക്കി നടപ്പാക്കാൻ ഉദ്ദേശിക്കുന്നു. |
| (സി) | കുട്ടികളുടെ സർവ്വതോന്മുഖമായ പുരോഗതിയുതകുന്ന മെച്ചപ്പെട്ട സിലബസ് തയ്യാറാക്കുന്നതിന് പദ്ധതിയുണ്ടോ; വിശദീകരിക്കുമോ; | (സി) | കുട്ടികളുടെ സർവ്വതോന്മുഖമായ പുരോഗതിയുതകുന്ന പാഠ്യപദ്ധതിയും സിലബസും പാഠപുസ്തകങ്ങളും കാലോചിതമായി പരിഷ്കരിക്കുന്ന വിഷയം പരിശോധിച്ചുവരുന്നു. |
| (ഡി) | കുട്ടികളിൽ പരിസ്ഥിതി ബോധവും അധ്വാനശീലവും വളർത്തുന്നതിന് വേണ്ടി കാർഷിക കരകൗശല മേഖലകളുമായി ബന്ധപ്പെട്ട വിഷയങ്ങൾ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുമോ; വിശദീകരിക്കുമോ? | (ഡി) | കുട്ടികളിൽ പരിസ്ഥിതി ബോധവും അധ്വാനശീലവും വളർത്തുന്നതിന് ഊന്നൽ നൽകിയാണ് സ്കൂൾ പാഠ്യപദ്ധതി രൂപം നൽകിയിരിക്കുന്നത്. |

സെക്ഷൻ ഓഫീസർ